"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

പരേതയായ സി. വി. കത്രീനയുടെ (PPO No.TCR 4153) കുടുംബ പെൻഷൻ കുടിശ്ശിക ജീവകാല കുടിശ്ശികയായി അനുവദിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (പെൻഷൻ -ബി) വകുപ്പ്

G.O.(Rt)No.8162/2026/FIN തീയതി,തിരുവനന്തപുരം, 26-10-2026

പരാമർശം:- 1. അക്കൗണ്ടന്റ് ജനറലിന്റെ (A&E) 16/05/2025-ലെ P2/3/PenA/554/OK/73-74/43100/149 നമ്പർ ഓതറൈസേഷൻ

2. ട്രഷറി ഡയറക്ടറുടെ 28/07/2026-ലെ TRY/2421/2020-P2 നമ്പർ കത്ത്.

ഉത്തരവ്

തൃശ്ശൂർ ജില്ലാ ട്രഷറി പരിധിയിൽ ബാങ്ക് മുഖേന സർവ്വീസ് പെൻഷനും (PPO No. TCR 14247), കുടുംബ പെൻഷനും (PPO No. TCR 4153) കൈപ്പറ്റി വന്നിരുന്ന പരേതയായ സി.വി.കത്രീനക്ക് സർവ്വീസ് പെൻഷൻ കൃത്യമായി ലഭിച്ചിരുന്നുവെങ്കിലും, 2016 ഏപ്രിലിൽ പെൻഷൻ ബാങ്കിൽ നിന്നും കോർ ട്രഷറിയിലേക്ക് തിരിച്ചെടുത്ത് PIMS മാസ്റ്റർ റെക്കോർഡ്സിലേക്ക് വിവരങ്ങൾ മാറ്റിയപ്പോൾ ഉണ്ടായ സാങ്കേതിക പിഴവ് (ബേസിക് പെൻഷൻ '0' ആയി എൻട്രി ആയത്) കാരണം 2016 മെയ് മാസം മുതൽ പ്രതിമാസ കുടുംബ പെൻഷൻ ക്രെഡിറ്റ് ആയിരുന്നില്ല എന്നും, പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി PPO റീവാലിഡേറ്റ് ചെയ്യുന്നതിന് അക്കൗണ്ടന്റ് ജനറലിന്റെ കാര്യാലയത്തിലേക്ക് സമർപ്പിച്ചുവെങ്കിലും 30.11.2020-ൽ പെൻഷണർ മരണപ്പെടുകയാണുണ്ടായത് എന്നും തുടർന്ന് അനന്തരാവകാശി ഹാജരാക്കിയ ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ, പരേതയുടെ ജീവകാല കുടിശ്ശിക അനുവദിക്കുന്നതിനായുള്ള ഓതറൈസേഷൻ പരാമർശം (1) പ്രകാരം അക്കൗണ്ടന്റ് ജനറൽ ലഭ്യമാക്കിയിട്ടുണ്ടെന്നും ട്രഷറി ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

2. പരേതയായ സി. വി. കത്രീനയ്ക്ക് 05/2016 മുതൽ 11/2020 വരെയുള്ള കാലയളവിൽ

അർഹതപ്പെട്ട ആകെ പെൻഷൻ കുടിശ്ശിക തുകയായ ₹5,02,704/- രൂപയിൽ (അഞ്ച് ലക്ഷത്തി രണ്ടായിരത്തി എഴുന്നൂറ്റി നാല് രൂപ മാത്രം) അനുവദനീയമായ തുക ₹4,93,116/- (നാല് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി ഒരുനൂറ്റി പതിനാറ് രൂപ മാത്രം) ആണെന്ന് സാക്ഷ്യപ്പെടുത്തി സമർപ്പിച്ചിട്ടുള്ള കുടിശ്ശിക സ്റ്റേറ്റ്മെന്റ് സഹിതം പ്രസ്തുത തുക അനുവദിക്കുന്നതിനുള്ള സർക്കാർ അനുമതിക്കായി പരാമർശം (2) പ്രകാരം ട്രഷറി ഡയറക്ടർ സർക്കാരിലേക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പെൻഷൻ തടസ്സപ്പെട്ടതിൽ പെൻഷനറുടെ ഭാഗത്തുനിന്നും യാതൊരുവിധ വീഴ്ചകളും ഉണ്ടായിട്ടില്ലാത്തതിനാലും സാങ്കേതിക തകരാർ കാരണമാണ് തുക മുടങ്ങിയതെന്നതിനാലും, പരേതയായ സി.വി. കത്രീനയുടെ 05/2016 മുതൽ 11/2020 വരെയുള്ള കാലയളവിലെ അനുവദനീയമായ കുടുംബ പെൻഷൻ തുകയായ ₹4,93,116/- (നാല് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി ഒരുനൂറ്റി പതിനാറ് രൂപ മാത്രം) ജീവകാല കുടിശ്ശികയായി ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അർഹരായ അനന്തരാവകാശികൾക്ക് തുല്യമായി വിതരണം ചെയ്യുന്നതിന് ട്രഷറി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു. തുകയുടെ കൃത്യത ട്രഷറി ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYASANKAR K G

ADDITIONAL SECRETARY

പകർപ്പ് :-

1.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) ,കേരളം ,തിരുവനന്തപുരം

2.അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് -II) ,കേരളം ,തിരുവനന്തപുരം

3.ഡയറക്ടർ ,ട്രഷറി ഡയറക്ടറേറ്റ്,പട്ടം,പട്ടം പാലസ് പി.ഓ ,തിരുവനന്തപുരം

4.നോഡൽ ഓഫീസർ www.finance.kerala.gov.in

5.സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (ഇ-3644880)

ഉത്തരവിൻ പ്രകാരം

Digitally signed by
Sujeev S J
Date: 27-10-2026
11:08:06

സെക്ഷൻ ഓഫീസർ